ശ്രീ. എൻ. കുഞ്ഞുരാമൻ: കമ്മിറ്റിയെ നിയമിക്കണമെന്ന് തോന്നുന്ന പക്ഷം ഗവൺമെണ്ടു് ആ കാര്യത്തെപ്പറ്റി ആലോചിക്കുന്നതായിരിക്കും.

ശ്രീ. എ. കെ. ജോർജ്ജു്: തിരുവിതാംകൂറിൽ ഏതെല്ലാ സംഘങ്ങൾ ലിക്വിഡേഷനിൽ ഇരിക്കുന്നു എന്നും കൊച്ചിയിൽ ഏതെല്ലാ സംഘങ്ങൾ ലിക്വിഡേഷനിൽ ഇരിക്കുന്നു എന്നും പറയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അറിഞ്ഞുകൂടാ.

സാഹിബു് ബഹദൂർ ടി. എ. അബ്ദുള്ള: ബാങ്കിനെ സംബന്ധിച്ചുള്ള അന്വേഷണം തുടങ്ങിട്ടു് എത്ര നാൾ ആയി?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഏതാണ്ടു് മാസങ്ങളായി. ജനറൽ ബാഡ്വി മീറ്റിംഗിൽ ഇതു് അപ്രൂവ് ചെയ്തിട്ടുണ്ടു്. എക്സ്പെർട്ട് അന്വേഷിച്ചുവരികയാണു്.

സാഹിബു് ബഹദൂർ ടി. എ. അബ്ദുള്ള: അന്വേഷിച്ചു തുടങ്ങിയിട്ടു് ഒരുകൊല്ലത്തിനുമേൽ ആയെന്നു അറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ആയിരിക്കും.

സാഹിബു് ബഹദൂർ ടി. എ. അബ്ദുള്ള: രജിസ്ട്രാർ നേരിട്ടു് അന്വേഷിക്കണമെന്നു് ഓർഡർ ഉണ്ടായിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അറിഞ്ഞുകൂടാ. എന്നാൽ ബാങ്കു് പരിശോധിക്കുന്നതിനും വില നിശ്ചയിക്കുന്നതിനും ഒരു എക്സ്പെർട്ടിനെ നിയമിച്ചിരിക്കുകയാണു്.

സാഹിബു് ബഹദൂർ ടി. എ. അബ്ദുള്ള: ആ ബാങ്കിലെ കണക്കുകളെ സംബന്ധിച്ചു് അന്വേഷണം നടത്തിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതും അന്വേഷിക്കാം.

അടുത്ത തെരഞ്ഞെടുപ്പു്

*൫൨൪ (൨൮) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിൽ പുതിയ ഭരണഘടനയനുസരിച്ചുള്ള നിയമസഭാമെമ്പർമാരുടെ തെരഞ്ഞെടുപ്പു എന്നു് നടക്കുവാനാണിടയുള്ളതു്;

(ബി) വോട്ടർമാരുടെ ലിസ്റ്റ് തയ്യാറാക്കി കഴിഞ്ഞോ;

(സി) ഡിലിമിറ്റേഷൻ കമ്മിറ്റി ശുപാർശചെയ്ത നിയോജകമണ്ഡലങ്ങൾ കേന്ദ്രഗവൺമെണ്ടു് അംഗീകരിച്ചുകഴിഞ്ഞോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഫസ്റ്റ് ഓഫ് ഏപ്രിൽ—മേ മാസത്തിൽ.

(ബി) തയ്യാറായി കഴിഞ്ഞു.

(സി) ഇല്ല. അവരുടെ ജോലി മിക്കവാറും പൂർത്തിയാക്കിയിട്ടുണ്ടെന്നാണു് അറിയുന്നതു്.

ഉദ്യോഗസ്ഥന്മാരെക്കുറിച്ചുള്ള അഴിമതിക്കേസുകൾ

*൫൨൫. (൨൯) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly